**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **02-08-2021 - ൽ മറുപടിയ്ക്ക്**

**പാട്ടഭൂമിയിൽ പാട്ടക്കാരന്റെ അവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാട്ടഭൂമിയിൽ കൃഷി ഇറക്കാൻ മാത്രമാണ് പാട്ടക്കാരന് അവകാശം എന്നും ഭൂമിക്കുമേൽ പ്രത്യേക അവകാശമോ മരം മുറിക്കുന്നതിന് അവകാശമോ ഇല്ലെന്ന് വ്യക്തമാക്കി ഹൈക്കോടതി വിധി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പാട്ടഭൂമിയിലെ മരങ്ങൾ മുറിയ്ക്കുന്നതിനും കടത്തിക്കൊണ്ടു പോകുന്നതിനും സർക്കാരിലേയ്ക്ക് കാലാകാലങ്ങളിലുള്ള സീനിയറേജ് റേറ്റ് അടക്കേണ്ടതാണെന്ന് ബഹു. കേരള ഹൈക്കോടതി Kerala Grants and Leases (Modification of Rights) Act 1980 Section 4 (1) ഉദ്ദരിച്ചുകൊണ്ട് WP(C) 30812/2016 (B) നമ്പരായി 15.03.2021-ാം തീയതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. പാട്ടഭൂമിയിലെ മരങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ധാരാളം വിധിന്യായങ്ങൾ ഉണ്ടായിട്ടുള്ളതാണ്. 1970-ൽ ബഹു. കേരള ഹൈക്കോടതി അതുവരെയുള്ള വിധിന്യായങ്ങൾ പരിഗണിച്ചുകൊണ്ട് ചാത്തു Vs കുങ്കിച്ചി (1970 കെ.എൽ.ടി 199) എന്ന കേസിൽ 1967 KLT 546, 1967 KLT 589, 1968 KLT 563 എന്നീ കേസുകളിലെ വിധിന്യായത്തോട് വിയോജിച്ചുകൊണ്ട് വൃക്ഷം ഫലവൃക്ഷമാണോ അതോ വിറക് വൃക്ഷമാണോ അത് പാട്ടക്കരാറിലെ പാട്ടത്തിന് മുതൽക്കൂട്ടാകുന്നതോ അല്ലയോ, പാട്ടക്കാരൻ നികുതി ഒടുക്കിക്കൊണ്ടിരിക്കുന്നോ ഇല്ലയോ എന്നീ ചോദ്യങ്ങളെല്ലാം അപ്രസക്തമാണെന്നും ജന്മിക്ക് മരം മുറിക്കാൻ അവകാശമുണ്ടോ എന്നും പാട്ടക്കാരന് മരം മുറിക്കാൻ അവകാശമില്ലേ എന്നുമാണ് പരിശോധിക്കേണ്ടതെന്നും, ജന്മിക്ക് അവകാശപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് പാട്ടക്കാരന് അവകാശമില്ലെന്നും പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത കേസിന് ശേഷം സ്റ്റേറ്റ് ഓഫ് കേരള & അദേഴ്സ് Vsകണ്ണൻ ദേവൻ ഫീൽഡ് പ്രൊഡ്യൂസ് കമ്പനി (എ.ഐ.ആർ 1998 കേരള 267) എന്ന കേസിൽ പാട്ടത്തിന് നൽകുമ്പോൾ പാട്ടഭൂമിയിൽ ഉണ്ടായിരുന്ന മരങ്ങൾക്ക് അവകാശം ജന്മിക്കാണെന്നും പാട്ടക്കാരന് അത് മുറിക്കാൻ അവകാശമില്ലെന്നും എന്നാൽ പാട്ട ഭൂമിയിൽ |

| | | | |
|---|---|---|---|
| | | | പാട്ടക്കാരൻ നട്ടുപിടിപ്പിച്ച മരങ്ങൾക്കുമേൽ ജന്മി അവകാശം സ്ഥാപിക്കാത്ത പക്ഷം അത് പാട്ടക്കാരന് മുറിച്ചെടുക്കാവുന്നതാണെന്നും വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. പിന്നീട് തോമസ് ഫിലിപ്പ് Vs ഫോറസ്റ്റ് റേഞ്ച് ഓഫീസർ 2021 (2) KLT 578 എന്ന കേസിൽ 2005-ലെ വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിന്റെ 6(1) വകുപ്പ് പാട്ടം അനുവദിക്കുന്ന സമയത്ത് പാട്ടം ഭൂമിയിൽ സർക്കാരിലേയ്ക്ക് നീക്കി വെച്ച വൃക്ഷങ്ങൾക്ക് ബാധകമല്ലെന്നും പ്രസ്താവിക്കുന്നതായി കോടതി നിരീക്ഷിച്ചിട്ടുണ്ട്. അതായത് അത്തരം വൃക്ഷങ്ങൾ മുറിക്കുമ്പോൾ സർക്കാരിന് സീനിയറേജ് അടയ്ക്കാൻ പാട്ടക്കാരൻ ബാധ്യസ്ഥനാണ് എന്ന് ബഹു. കോടതി ഉത്തരവിടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ